**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - ചങ്ങനാശ്ശേരി നഗരസഭാ സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റ് ആയി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.വർഗ്ഗീസ് കെ.എം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 1633/2019 നമ്പർ കേസിലെ 09.08.2019 തീയതിയിലെ വിധിന്യായം - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 2920/2019/തസ്വഭവ തീയതി, തിരുവനന്തപുരം, 23.12.2019

പരാമർശം :

1. നഗരകാര്യ ഡയറക്ടറുടെ 24.07.2019,01.08.2019 തീയതികളിലെ ഇ 6-1160/2018(2) നമ്പർ ഉത്തരവ്
2. ശ്രീ.വർഗ്ഗീസ്.കെ.എം സർക്കാരിൽ സമർപ്പിച്ച 07.08.2019 തീയതിയിലെ നിവേദനം (അനക്ഷർ A8)
3. ശ്രീ.വർഗ്ഗീസ് കെ.എം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA 1633/2019 നമ്പർ കേസിലെ 09.08.2019 തീയതിയിലെ വിധിന്യായം
4. നഗരകാര്യഡയറക്ടറുടെ 22.11.2019 തീയതിയിലെ ഇ 6-24060/19 നമ്പർ കത്ത്.

## ഉത്തരവ്

കേരള മുനിസിപ്പൽ കോമൺസർവ്വീസിൽ ആലപ്പുഴ നഗരസഭയിൽ പി.എ.ടു.സെക്രട്ടറി/റവന്യൂ ഓഫീസർ ഗ്രേഡ് 1 തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. അജിത് കുമാറിനെ സൂചന 1 ഉത്തരവ് പ്രകാരം കൊച്ചി നഗരസഭയിലേയ്ക്ക് സ്ഥലംമാറ്റം നല്കിയിരുന്നു. കൊച്ചി നഗരസഭയിലേയ്ക്കുള്ള ക്യൂ ലിസ്ററിൽ 3-ാമതായി ഉൾപ്പെടുത്തിയിരുന്ന ചങ്ങനാശ്ശേരി നഗരസഭസെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.വർഗ്ഗീസ് കെ.എം, മേൽ ഉത്തരവ് റദ്ദ് ചെയ്ത് ടിയാന് കൊച്ചി നഗരസഭയിലേയ്ക്ക് സ്ഥലംമാറ്റം നൽകണമെന്ന ആവശ്യവുമായി സൂചന 2 പ്രകാരം സർക്കാരിൽ നിവേദനം സമർപ്പിക്കുകയുണ്ടായി. കൂടാതെ ഇതേ ആവശ്യമുന്നയിച്ച് ടിയാൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 1633/2019 നമ്പർ കേസിലെ. 09.08.2019 ലെ ഉത്തരവുപ്രകാരം ശ്രീ.വർഗ്ഗീസ് കെ.എം സർക്കാരിൽ സമർപ്പിച്ചിട്ടുള്ള നിവേദനം (അനക്ഷർ A8) സർക്കാർ പരിശോധിച്ച്, ശ്രീ.വർഗ്ഗീസ് കെ.എം-നേയും ശ്രീ. അജിത് കുമാറിനെയും (Respondent-4) നേരിൽകേട്ട്, കോടതി ഉത്തരവ് ലഭിച്ച് 2 മാസത്തിനുള്ളിൽ തീരുമാനമെടുക്കണമെന്ന് ഉത്തരവായിരുന്നു.

2. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ശ്രീ.വർഗ്ഗീസ് കെ.എം ഫയൽ ചെയ്ത OA 1633/2019 നമ്പർ കേസിലെ. 09.08.2019- ലെ ഉത്തരവിലെ നിർദ്ദേശ പ്രകാരം 23.11.2019 ന് രാവിലെ 11.30 ന് തദ്ദേശസ്വയംഭരണവകുപ്പ് അണ്ടർസെക്രട്ടറി നേരിൽകേൾക്കുന്നതിനായി ശ്രീ.വർഗ്ഗീസ് കെ.എം-നും ശ്രീ. അജിത് കുമാറിനും നോട്ടീസ് നൽകിയെങ്കിലും അവർ ഹിയറിംഗിന് ഹാജരായില്ല. നഗരകാര്യവകുപ്പിലെ ജൂനിയർ സൂപ്രണ്ട് സന്നിഹിതനായിരുന്നു.

3. ശ്രീ.വർഗ്ഗീസ് കെ.എം സമർപ്പിച്ച നിവേദനത്തിലെ വാദങ്ങൾ പ്രകാരം, ശ്രീ.അജിത് കുമാർ സ്ഥലംമാറ്റത്തിനായി ഓപ്ഷൻ നൽകിയത് (1)കോട്ടയം (2)ചങ്ങനാശ്ശേരി (3)തിരുവല്ല (4)കൊച്ചി എന്നിങ്ങനെ ആയിരുന്നു എന്നും ആയതുപ്രകാരം ടിയാന്റെ 4-ാമത്തെ ഓപ്ഷൻ മാത്രമായിരുന്നു കൊച്ചി നഗരസഭയെന്നും എന്നാൽ താൻ കൊച്ചി നഗരസഭയിലേയ്ക്ക് മാത്രമാണ് സ്ഥലംമാറ്റത്തിനായുള്ള ഓപ്ഷനായി നൽകിയതെന്നും ആയതുപരിഗണിക്കാതെയാണ് ശ്രീ. അജിത് കുമാറിന് കൊച്ചി നഗരസഭയിലേയ്ക്ക് സ്ഥലംമാറ്റം നല്കിയതെന്നും ശ്രീ.വർഗ്ഗീസ് കെ.എം അറിയിച്ചു. ശ്രീ. അജിത് കുമാറിന്റെ 2-ാമത്തെ ഓപ്ഷൻ ആയിരുന്ന, ശ്രീ.വർഗ്ഗീസ് കെ.എം നിലവിൽ സേവനമനുഷ്ഠിക്കുന്ന, ചങ്ങനാശ്ശേരി നഗരസഭയിലേയ്ക്ക് ശ്രീ. അജിത് കുമാറിന് സ്ഥലംമാറ്റം നൽകി പകരം വിരമിക്കാൻ 2 വർഷം മാത്രം ബാക്കിയുള്ള തന്നെ കൊച്ചി നഗരസഭയിലേയ്ക്ക് സ്ഥലംമാറ്റം നൽകാമായിരുന്നു എന്നും ടിയാൻ അറിയിക്കുകയുണ്ടായി..

4. നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം, നഗരസഭാ ജീവനക്കാരുടെ 2019-2020-ലെ പൊതു സ്ഥലംമാറ്റത്തിനുള്ള അപേക്ഷ ക്ഷണിച്ചപ്പോൾ ചങ്ങനാശ്ശേരി നഗരസഭയിൽ പി.എ ടു സെക്രട്ടറി തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.വർഗ്ഗീസ് .കെ.എം കൊച്ചി നഗരസഭയിലേയ്ക്ക് സ്ഥലംമാറ്റത്തിന് ഓൺലൈനായി അപേക്ഷ സമർപ്പിച്ചിരുന്നു എന്നും ആയതു പരിഗണിച്ച് കൊച്ചി നഗരസഭയിലേയ്ക്കുള്ള ക്യൂ ലിസ്റ്റിൽ ടിയാന്റെ സ്ഥാനം 3ാം മതായി ഉൾപ്പെടുത്തിയിരുന്നു എന്നും ടിയാന്റെ നാളിതുവരെയുള്ള outstation seniority പരിഗണിച്ചാണ് അപ്രകാരം സ്ഥാനം നിശ്ചയിച്ചിരുന്നത് എന്നും ജീവനക്കാർ സമർപ്പിക്കുന്ന ഓപ്ഷന്റെ അടിസ്ഥാനത്തിലല്ല മറിച്ച് outstation seniority പരിഗണിച്ചാണ് ക്യൂ ലിസ്റ്റിലെ സ്ഥാനം നിശ്ചയിക്കുന്നത് എന്നും നഗരകാര്യഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ നഗരകാര്യഡയറക്ടറുടെ 30.08.2019-ലെ ഇ 6-1160/2018(2) നം ഉത്തരവുപ്രകാരം ക്യൂ ലിസ്റ്റ് അനുസരിച്ച് ശ്രീ.വർഗ്ഗീസ് .കെ.എം-ന് ചങ്ങനാശ്ശേരി നഗരസഭയിൽനിന്നും കൊച്ചി നഗരസഭയിലേയ്ക്ക് സ്ഥലംമാററം അനുവദിച്ചിട്ടുണ്ട് എന്നും നഗരകാര്യഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. സർക്കാർ ഇക്കാര്യം നഗരകാര്യഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം കൊച്ചി നഗരസഭയിലേയ്ക്ക് സ്ഥലംമാററം അനുവദിക്കണമെന്ന ശ്രീ.വർഗ്ഗീസ്.കെ.എം- ന്റെ നിവേദനത്തിലെ ആവശ്യം നിലവിൽ പരിഹരിച്ചിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ

തുടർനടപടി ആവശ്യമില്ലായെന്ന് കണ്ട് ശ്രീ.വർഗ്ഗീസ് .കെ.എം സർക്കാരിൽ സമർപ്പിച്ച അനക്ഷ്വർ-എ 8 നിവേദനം തീർപ്പാക്കി ഉത്തരവാകുന്നു.

6. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 09.08.2019 ലെ ഉത്തരവിലെ നിർദ്ദേശം മേൽപ്രകാരം നടപ്പാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**ജെയ്സി പോൾ**

അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരളാ, തിരുവനന്തപുരം.( ആമുഖ കത്ത് സഹിതം)

ശ്രീ.വർഗ്ഗീസ് .കെ.എം; പി.എ.ടു.സെക്രട്ടറി/റവന്യൂ ഓഫീസർ ഗ്രേഡ് 1 , കൊച്ചി കോർപ്പറേഷൻ

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ